# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.63 — 20/03/2013-ൽ മറുപടിയ്ക്ക്

## ശുദ്ധജലവിതരണ-ജലസേചന പദ്ധതികൾക്കായി നീക്കിവെച്ച തുക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) പദ്ധതി കാലയളവ് പിന്നിടാറായിട്ടും ശുദ്ധ ജല വിതരണത്തിനായി അനുവദിച്ച തുകയുടെ 43.5 ശതമാനവും, ജല സേചനത്തിനായി അനുവദിച്ച തുകയുടെ 42.5 ശതമാനവും മാത്രം വിനിയോഗിക്കാനിടയായതിന്റെ സാഹചര്യം വിശദമാക്കുമോ;<br><br>ബി) പദ്ധതി വിഹിതമായി ശുദ്ധജലവിതരണത്തിന് നീക്കിവെച്ച തുകയുടെ 37 ശതമാനവും ജലസേചനത്തിനായി നീക്കിവെച്ച തുകയുടെ 27 ശതമാനവും മാത്രം ചെലവഴിച്ചത് എന്ത് കൊണ്ടെന്നറിയിക്കുമോ | എ) & ബി) | വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം **72.21 കോടി രൂപ** ചെലവായിട്ടുണ്ട്. കുട്ടനാട് പാക്കേജിനു ഇതുവരെ **64.63 കോടി രൂപ** ചെലവഴിച്ചു. പദ്ധതി ചെലവിൽ കുറവു വന്നതിനു പ്രധാന കാരണം എഐബിപി സ്കീം, മുല്ലപ്പെരിയാർ ഡാം നിർമ്മാണം എന്നീ കാര്യങ്ങൾക്ക് അനുവദിച്ച തുക ചെലവാക്കാൻ കഴിയാത്തതിനാലാണ്. ചെറുകിട ജലസേചനത്തിന് (ഉപരിതലം) **87 കോടി രൂപയാണ്** നടപ്പു സാമ്പത്തികവർഷം പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 55% ഇതുവരെ ചെലവഴിച്ചു.. കരാറുകാരുടെ 9-ാം മാസം വരെയുള്ള ബില്ലുകളാണ് കൊടുത്തു തീർത്തത്. ശേഷിക്കുന്ന മാസത്തിലെ ബില്ലുകൾ കൊടുക്കുമ്പോൾ കൂടുതൽ തുക ചെലവഴിക്കാൻ കഴിയുന്നതാണ്.<br><br>പീച്ചി ജലസേചന പദ്ധതിയ്ക്കായി അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.<br><br>ജലനിധി-II പദ്ധതി നടപ്പാക്കുന്നതിനായി നടപ്പ് വർഷം **30 കോടി രൂപ** അനുവദിച്ചിട്ടുണ്ട്. നടപ്പു വർഷത്തിൽ **13.66 കോടി രൂപ** ഇതിനകം ചെലവഴിച്ചു കഴിഞ്ഞു **(46%)**. ബാക്കി തുക നടപ്പു വർഷം തന്നെ ചെലവാക്കുന്നതാണ് |

2012-13 സാമ്പത്തിക വർഷം ശുദ്ധജല വിതരണത്തിനായി കേരള ജല അതോറിട്ടിക്ക് അനുവദിച്ച പദ്ധതി വിഹിതത്തി ന്റെ 70.83% ചെലവഴിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി ഏകദേശം 90% ത്തോളം തുക ചെലവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇറിഗേഷൻ പ്രോജക്ട് പദ്ധതികൾക്കായി 2012-13 വർഷം ഇതുവരെ 4415.26 ലക്ഷം രൂപ (160.55%) വിനിയോഗിച്ചിട്ടുണ്ട്.

**സി) 2011-12-ലെ ബജറ്റിൽ ജലസേചനത്തിനായി നീക്കിവെച്ചതിന്റെ 62 ശതമാനവും ശുദ്ധജല വിതരണത്തിനായി നീക്കിവച്ച തുകയുടെ 38 ശതമാനവും വിനിയോഗിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?**

സി) 2011-12 വർഷത്തിൽ പദ്ധതി വിഹിതമായി 551.03 കോടി രൂപയാണ് വകകൊള്ളിച്ചിരുന്നത്. എഐബിപി സ്കീമിൽ അനുവദിച്ച **119 കോടി രൂപയും** കുട്ടനാട് പാക്കേജിനുള്ള **200 കോടി രൂപയും** ചെലവഴിക്കാൻ കഴിയാതിരുന്നത് കൊണ്ടാണ് പദ്ധതി ചെലവിൽ കുറവു വരാൻ കാരണം. എന്നാൽ ചെറുകിട ജലസേചനം (ഉപരിതലം) പദ്ധതി വിഹിതത്തിൽ 81% ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

2011-12-ലെ ബഡ്ജറ്റിൽ ശുദ്ധജലവിതരണത്തിനായി നീക്കി വച്ച തുകയിൽ ജിക്ക ഒഴികെയുള്ള സംസ്ഥാനപദ്ധതികളിൽ 94.32%വും ജിക്ക പദ്ധതിയിൽ 38.6%വും ചെലവഴിച്ചിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷത്തിൽ ജലസേചനത്തിനായി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള പ്രവർത്തികൾക്കായി നീക്കിവച്ച പരിപാലനത്തിനും അറ്റകുറ്റ പണികൾക്കുമായുള്ള ഫണ്ട് 100%വും പദ്ധതി വിഹിതമായി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് (പ്ലാൻ ഫണ്ട്) 80% വും ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**